# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

**ഡിസംബർ 2024**

ചീഫ് എഡിറ്റർ :ആദിത്യ എം.എസ്സ് എഡിറ്റർ : ഫാത്തിമ മെഹറിൻ നസ്ഹ മുനീർ നസ്രിയ ഫാത്തിമ ഫാത്തിമ ശാദിയ എൻഎച്ച് സ്റ്റാഫ് എഡിറ്റർ റീഷ പി

## ഉജ്ജ്വല വരവേൽപ്പ് നൽകി




**കൊടുവള്ളി : കൊടുവള്ളി ഗവ ഹയർസെക്കൻഡറിസ്കൂൾ അഭിമാനതാരം മുഹമ്മദ് അനസിനു വീരോചിതമായ വരവേല്പ് നൽകി. 68–ആമത് ദേശീയ സ്കൂൾ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ആൺകുട്ടികളുടെ വുഷു ( അണ്ടർ 19–80 കിലോഗ്രാം) മത്സരത്തിൽ സ്വർണ്ണമെ ഡൽ നേടിയ കൊടുവള്ളി ഗവ ഹയർസെക്ക ണ്ടറിയിലെ പ്ല സ് ടു കൊമേഴ്സ് വിദ്യാർത്ഥി മുഹ മ്മദ് അനസിന് കോഴിക്കോട് റെയിൽവേ സ്റ്റേ ഷനിൽ വമ്പിച്ച സ്വീകരണം നൽകി. സ്കൂൾ പിടിഎ –എസ്എംസി കമ്മിറ്റി ഭാരവാഹികളും അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും അടങ്ങുന്ന ഒരു സംഘം രാവിലെ 2 മണിക്ക് തന്നെ റെയിൽവേ സ്റ്റേഷനിൽ എത്തിയിരുന്നു. പിടി എ പ്രസിഡന്റ് അബ്ദുൾ റഷീദ് ആർവി , എ സ്എംസി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര അധ്യാപകരായ സഹല ഹബീബ ,സുമ ,ഡോക്ടർ ഷിജു,രഞ്ജിത്ത്, ബഷീർ, അഷറഫ്,സ്റ്റെല്ല ജോർജ്ജ്,വുഷു അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ സംബന്ധിച്ചു. യു പി, ഹൈസ്കൂൾ തലത്തിൽ ഷോട്ട്പുട്ട് ഇനത്തിൽ മത്സരിച്ചിരുന്ന അനസിനെ വുഷു ഇനത്തിലേക്ക് മാറ്റിയത് സീനിയർ വിദ്യാർത്ഥി മുഹമ്മദ് സിനാന്റെയും കായികാദ്ധ്യാപിക സ്റ്റെല്ല ടീച്ചറുടെയും ഉപദേശപ്രകാരമായിരുന്നു. ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന സ്റ്റെല്ല ടീച്ചറിന് അർഹിക്കുന്ന അംഗീകാരം കൂടിയായി ശിഷ്യൻ അനസിന്റെ ഈ സ്വർണമെഡൽ. കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ പറമ്പത്ത് കാവ് ഡിവിഷനിൽ വെള്ളച്ചാലിൽ വീട്ടിൽ ജാഫർന്റെയും സീനത്തിന്റെയും രണ്ടാമത്തെ മകനാണ് മുഹമ്മദ് അനസ്.**

## യു. എസ്. എസ് അവധിക്കാല ക്യാപ്



**കൊടുവള്ളി : കൊടുവള്ളി ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ യു. എസ്. എസ് അവധിക്കാല ക്യാംപ് തുടങ്ങി. പി.ടി.എ പ്രസിഡന്റ് ആർ.വി അബ്ദുൽ റഷീദ് ഉദ്ഘാടനം ചെയ്തു. സ്കൂൾ സീനിയർ അസി. കെ. മുഹമ്മദ് അഷ്റഫ് അധ്യക്ഷനായി. യു. എസ്. എസ് കൺവീനർമാരായ പി. നിഷ, വി. സാജിദ, അധ്യാപകരായ ഒ.കെ മധു, എ.അസീസ, പി.പി.ഷംസീറ, യു. കെ മുഹമ്മദ് ഷാഫി എന്നിവർ സംസാരിച്ചു.ഡിസംബർ 21 ആം തീയതി മുതൽ 28 ആം തീയതി വരെയാണ് യു എ സ് എസ് പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചത് .യുഎ സ്എസ് കൺവീനർമാരായ നിഷ ,സാജിത എന്നീ അധ്യാപകരുടെ നേതൃത്വത്തിലാണ് ക്ലാസുകൾ നടന്നത്.**




## ഇലക്ട്രോണിക്സ് ശിൽപ്പശാല




**കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കൊടുവള്ളി ഉപജില്ലയിലെ യുപി വിഭാഗം സയൻസ് അധ്യാപകർക്കായി ഇലക്ട്രോണിക്സ് ശില്പശാല സംഘടിപ്പിച്ചു. സ്കൂളിലെ അടൽ ടിങ്കറിങ് ലാബിന്റെയും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിലാണ് ശില്പശാല സംഘടിപ്പിച്ചത്. പിടിഎ പ്രസിഡണ്ട് അബ്ദുൽ റഷീദ് ആർ വി ഏകദിന ശില്പ ശാല ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ എസ് എം സി ചെയർ മാൻ മുഹമ്മദ് കുണ്ടുങ്ങര , പ്രധാനാധ്യാപിക സുബിത ടീച്ചർ, സീനിയർ അസിസ്റ്റന്റ് അഹമ്മദ് അഷ്റഫ് ,സ്റ്റാഫ് സെക്ര ട്ടറി മധു ഒ കെ , എടിഎൽ ഇൻ ചാർജ് ഫിർദൗസ് ബാനു ഷംസീറ എന്നിവരും സംസാരിച്ചു. എടിഎൽ ട്രെയിനർ അക്ബർ സാറാണ് അധ്യാപകർക്കായി ക്ലാസുകൾ കൈകാര്യം ചെയ്തത്. 9, 10 ക്ലാസുകളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും ശില്പ ശാലയിൽ അധ്യാപകരെ സഹായിച്ചു. കൊടുവള്ളി ഉപജില്ല യിലെ ഇരുപതോളം സയൻസ് അധ്യാപകർ ശില്പശാലയിൽ പങ്കെടുത്തു. അർഡിനോ ഉപയോഗിച്ചു കൊണ്ടുള്ള സിമ്പിൾ സർക്യൂട്ടുകളും ടിങ്കർ കാർഡ് എന്ന പ്ലാറ്റ്ഫോമും അധ്യാപകർക്ക് പരിചയപ്പെടുത്തി. ശില്പശാലയിൽ പങ്കെടുത്ത എല്ലാ അധ്യാപകർക്കും പ്രത്യേകം ഡിസൈൻ ചെയ്ത സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. എടിഎൽ ഇൻ ചാർജ് ഫിർദൗസ് ബാനു, ഷംസീറ ,ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് റീഷ പി എന്നീ അധ്യാപകരുടെ നേതൃത്വത്തിലാണ് ശില്പശാല സംഘടിപ്പിച്ചത്.**

## ഡിസംബർ മാസത്തിലൂടെ

**ഡിസംബർ 1**
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നവംബർ മാസത്തിൽ നടന്ന എസ്പിസി പാസിംഗ് ഔട്ട് പരേഡിന്റെ വീഡിയോസും പോസ്റ്ററുകളും തയ്യാറാക്കി.

**ഡിസംബർ 3**
എസ്പിസിയുടെ ആഭിമുഖ്യത്തിൽ സ്കൂളിൽ എയ്ഡ്സ് ബോധവൽക്കരണ ക്ലാസുകൾ നടന്നു. ദേശീയ വിരവിമുക്ത ദിനത്തോടനുബന്ധിച്ച് സ്കൂളിൽ വിര ഗുളികകൾ വിതരണം ചെയ്തു. ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് എസ് പി സി യുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് ആനിമേഷൻ ക്ലാസുകൾ നൽകി. ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് യുപി വിഭാഗം കുട്ടികൾക്കായി പെൻസിൽ ഡ്രോയിങ് മത്സരവും ഹൈസ്കൂൾ കുട്ടികൾക്കായി ഭിന്നശേഷി സൗഹൃദ സമൂഹം എന്ന വിഷയത്തിൽ ഡിജിറ്റൽ പോസ്റ്ററുകൾ തയ്യാറാക്കുന്നതിനുള്ള മത്സരവും നടത്തി. അംഗങ്ങൾ വിവിധ രീതിയിലുള്ള പോസ്റ്ററുകൾ തയ്യാറാക്കി. സ്കൂളിൽ യുപി വിഭാഗത്തിൽ അശ്വതി ടീച്ചർ ജോയിൻ ചെയ്തു.

**ഡിസംബർ 4**
സ്കൂളിൽ ജെ ആർ സി കുട്ടികൾക്കുള്ള സി ലെവൽ പരീക്ഷ നടന്നു. ഹരിത സഭാ റിപ്പോർട്ട് അവതരണത്തിന് സ്കൂളിൽ നിന്നും ക്ലബ്ബിൽ ഉൾപ്പെട്ട 8 കുട്ടികൾ പങ്കെടുത്തു.

**ഡിസംബർ 5**
ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കുട്ടികൾക്ക് ആനിമേഷൻ ക്ലാസുകൾ നൽകി. ലിറ്റിൽ കൈറ്റ്സ് സബ്ജില്ലാ ക്യാമ്പിൽ പങ്കെടുത്ത ജാസിബ് എം എം ജില്ലാ ക്യാമ്പിൽ പങ്കെടുക്കുന്നതി ലേക്കായി തെരഞ്ഞെടുക്കപ്പെട്ടു. വനിതാ ശിശു വികസന വകുപ്പിന്റെയും കോഴിക്കോട് ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ യുപി വിഭാഗം കുട്ടികൾക്കായി ഒരു ശില്പശാല നടത്തി.

**ഡിസംബർ 7**
എസ് പി സി കുട്ടികൾക്ക് ക്ലാസുകൾ നടന്നു. എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ് സ് അംഗങ്ങൾക്കുള്ള ക്ലാസുകൾ നടന്നു. എൻ എം എം എസ് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ക്ലാസുകൾ നടന്നു. സംസ്ഥാന ബാഡ്മിന്റൺ മത്സരങ്ങളിൽ പങ്കെടുത്ത മുഹമ്മദ് ഷാമിലിനെ അനുമോദിച്ചു.

**ഡിസംബർ 8**
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എം എം എസ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി ആശംസ പോസ്റ്ററുകൾ തയ്യാറാക്കി.

**ഡിസംബർ 9**
സ്കൂളിൽ എൻ എം എം എസ് പരീക്ഷ നടന്നു. എസ് ആർ ജി മീറ്റിംഗ് നടന്നു ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ മിസ്ട്രസ്സ് മാർക്കുള്ള മാസാന്ത്യ ഓൺലൈൻ മീറ്റിംഗ് നടന്നു.

**ഡിസംബർ 11**
ക്രിസ്തുമസ് പരീക്ഷ ആരംഭിച്ചു. സ്കൂൾ ഇന്നോവഷൻ മാരത്തോൺ ഓൺലൈൻ മീറ്റിംഗ് നടന്നു.

**ഡിസംബർ 13**
68 മത് ദേശീയ സ്കൂൾ ഗെയിംസ് ചാമ്പ്യൻഷിപ്പിൽ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും ഹയർ സെക്കൻഡറി കൊമേഴ്സ് വിദ്യാർത്ഥിയുമായ മുഹമ്മദ് അനസ് സ്വർണമെഡൽ കരസ്ഥമാക്കി.

**ഡിസംബർ 14**
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അനസ്സിനെ അനുമോദിച്ചുകൊണ്ടുള്ള പോസ്റ്ററുകളും വീഡിയോസും തയ്യാറാക്കി.

**ഡിസംബർ 17**
സ്കൂളിലെ അടൽ ടിങ്കറിങ് ലാബിന്റെയും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ കൊടുവള്ളി ഉപജില്ലയിലെ യുപി വിഭാഗം സയൻസ് ക്ലബ് കൺവീനർമാർക്ക് ആയി ഒരു ഇലക്ട്രോണിക് ശിൽപ്പശാല നടന്നു.

**ഡിസംബർ 18**
പുലർച്ചെ രണ്ടുമണിക്ക് പിടിഎ ,എസ് എം സി ,അധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ സ്വർണ്ണ ജേതാവായ മുഹമ്മദ് അനസിന് റെയിൽവേ സ്റ്റേഷനിൽ വച്ച് സ്വീകരണം നൽകി.

**ഡിസംബർ 19**
ക്രിസ്തുമസ് പരീക്ഷ അവസാനിച്ചു.എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്കുള്ള ലിറ്റിൽ കൈറ്റ്സ് അഡീഷണൽ ക്ലാസ് നടന്നു. സ്റ്റാഫ് എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു.

**ഡിസംബർ 20**
ക്രിസ്തുമസ് വിവിധ പരിപാടികളോടെ ആഘോഷിച്ചു.

**ഡിസംബർ 21**
മികവ് 2024 എന്ന പേരിൽ ഡിസംബർ 21 തീയതി മുതൽ 28 വരെ നടക്കുന്ന യു എസ് എസ് ക്യാമ്പ് ഉദ്ഘാടനം നടന്നു. എസ്എസ്എൽസി വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക സ്പെഷ്യൽ ക്ലാസുകൾ ആരംഭിച്ചു. ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിനോടനുബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉള്ള മീറ്റിംഗ് ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു.

**ഡിസംബർ 22**
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന സ്കൂൾ റേഡിയോ പുതിയ രൂപത്തിലും ഭാവത്തിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വീഡിയോസും പോസ്റ്ററുകളും തയ്യാറാക്കി ക്ലാസ് ഗ്രൂപ്പുകളിലും അയച്ചു.

**ഡിസംബർ 23**
ടി പി മൊയ്തീൻ മെമ്മോറിയൽ ഓൾ കേരള ഫുട്ബോൾ ടൂർണ്ണമെന്റിൽ കുട്ടികൾ പങ്കെടുക്കുകയും സെമിഫൈനലിൽ എത്തിച്ചേരുകയും ചെയ്തു.

**ഡിസംബർ 24**
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ക്രിസ്തുമസ് ആശംസകൾ പോസ്റ്ററുകളും വീഡിയോസും തയ്യാറാക്കി.

**ഡിസംബർ 27**
യുഎസ്എസ് മോഡൽ പരീക്ഷ നടന്നു. ഡിസംബർ 27, 28 തീയ്യതികളിൽ നടക്കുന്ന ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗം ജാസിബ് എം എം പങ്കെടുത്തു.

**ഡിസംബർ 30**
ക്രിസ്തുമസ് അവധിക്ക് ശേഷം സ്കൂൾ തുറന്നു. ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നടന്നു.

**ഡിസംബർ 31**
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുതുവത്സര ആശംസ പോസ്റ്ററുകളും വീഡിയോസും തയ്യാറാക്കി.അധ്യാപകർക്കുള്ള പുതുവത്സരാഘോഷ പരിപാടികൾ നടന്നു

## ശിൽപ്പശാല



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ യുപി വിദ്യാർഥികൾക്കായി ഉല്ലാസത്തോടെ പഠിക്കാം എന്ന വിഷയത്തിൽ അർദ്ധ ദിന ശില്പശാല നടത്തി. വനിതാ ശിശു വികസന വകുപ്പ് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് കോഴിക്കോട് എന്നിവയുടെ നേതൃത്വത്തിൽ ഡിസംബർ ആറാം തീയതി ശില്പശാല സംഘടിപ്പിച്ചു. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിൻ്റെ ഭാഗമായി യു. പി വിഭാഗം വിദ്യാർത്ഥികൾക്കുള്ള ബോധവൽക്കരണ ക്ലാസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചാണ് നടന്നത്. ഒ ആർ സി ട്രെയിനർ ആയിഷ റഹ്നയാണ് കുട്ടികൾക്കായി ക്ലാസുകൾ കൈകാര്യം ചെയ്തത്. പ്രോഗ്രാം കോഡിനേറ്റർ അലീന സ്കൂൾ കൗൺസിലർ ദിവ്യ, യുപി വിഭാഗം സീനിയർ ടീച്ചർ നിഷ ,യുപി വിഭാഗം എസ്ആർ.ജി കൺവീനർ അസീസ, യുപി വിഭാഗം ജാഗ്രത ക്ലബ്ബ് കൺവീനർ ഷൈജ എന്നീ അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു.

## ബോധവൽക്കരണ ക്ലാസ്



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഡിസംബർ 1 ലോക എയ്ഡ്സ് ദിനത്തിൽ എയ്ഡ്സ് ബോധവൽക്കരണ ക്ലാസുകൾ നടന്നു. സ്കൂളിലെ എസ്പി സി യുടെ നേതൃത്വത്തിൽ സീനിയർ ജൂനിയർ കേഡറ്റ്സുകൾക്കാണ് ക്ലാസുകൾ നടന്നത്. സിജി ഫാക്കൽറ്റിയും ജെ സി ഐ ട്രെയിനറുമായ അഹമ്മദ് ശരീഫ് ആണ് ക്ലാസുകൾ കകാര്യം ചെയ്തത്. കമ്മ്യൂണിറ്റി പോലീസ് ഓഫീസർ മാരായ സുബൈദ വി, അബൂബക്കർ സി ടി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. ജെ സി ഐ കൊടുവള്ളി ചാപ്റ്റർ പ്രസിഡൻറ് നസ്രീൻ ഹമീദ് 'അംഗങ്ങളായ സുമേനിയ ഷാഫി ,ഫാത്തിമ നിദ എന്നിവർ പങ്കെടുത്തു.

## ലോക ഭിന്നശേഷി ദിനം



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ലോകഭിന്നശേഷി ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. യുപി വിഭാഗം വിദ്യാർത്ഥികൾക്കായി ചിത്രരചന മത്സരവും ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ പോസ്റ്റർ മേക്കിങ് മത്സരവും നടന്നു. എസ്പിസിയുടെ ആഭിമുഖ്യത്തിൽ അന്നേ ദിവസം കുട്ടികളുടെ ഗൃഹ സന്ദർശനം നടത്തി. ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ആനിമേഷൻ ക്ലാസുകളും നൽകി. അന്നേ ദിവസം നടന്ന മത്സരത്തിൽ പങ്കെടുത്ത വിജയികളായ വിദ്യാർത്ഥികളെ അനുമോദിച്ചു.

## ക്ലാസുകൾ



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ വിവിധ ക്ലാസുകൾ സംഘടിപ്പിച്ചു. ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് ആനിമേഷൻ ക്ലാസുകൾ നടത്തി. 2022 25 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസുകൾ യുപി ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ മിസ്ട്രസുമാരായ ഗോപകുമാർ സി ടി, റീഷ പി എന്നീ അധ്യാപകരുടെ നേതൃത്വത്തിലാണ് ക്ലാസുകൾ സംഘടിപ്പി ച്ചത്.

## ഡിസംബർ മാസത്തിലൂടെ......






ബാഡ്മിന്റൺ താരം മുഹമ്മദ് ഷാമിൽ




സ്റ്റെല്ല ടീച്ചറോടൊപ്പം ഫുട്ബോൾ ടീം







## ഫോട്ടോ ഗാലറി ജി എച്ച് എസ് എസ് കൊടുവള്ളി ഡിസംബർ 2024



ബാബു സാറിനുള്ള അനുമോദനം



ഫിറോസ് സാറിനുള്ളഅനുമോദനം



സ്റ്റെല്ല ടീച്ചറിനോടൊപ്പം മുഹമ്മദ് അനസ്



ഹരിത സഭയിൽ റിപ്പോർട്ട് അവതരണം




ജെ ആർ സി സി ലെവൽ പരീക്ഷ




മാസാന്ത്യ വാർത്താ പത്രിക























കൊടുവള്ളി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രസിദ്ധപ്പെടുത്തിയ ഡിസംബർ മാസത്തെ മാസാന്ത്യ വാർത്താ പത്രിക